ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ സമ്മേളനം അവസാനിപ്പിക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്ന ഇന്നത്തെ ദിവസം പതിനഞ്ചാം കേരള നിയമസഭയുടെ അവസാന ദിവസമാണ്. വളരെ പ്രസിദ്ധവും ചരിത്രപ്രസിദ്ധമാകാനുമിടയുള്ള ഒട്ടേറെ തീരുമാനങ്ങളെടുക്കാൻ നിയമസഭയ്ക്ക് കഴിഞ്ഞുവെന്നുള്ളതാണ് പതിനഞ്ചാം കേരള നിയമസഭയുടെ ഏറ്റവും വലിയ പ്രത്യേകത. അങ്ങ് പലപ്പോഴും ചൂണ്ടിക്കാണിച്ചതുപോലെ, സഭാനടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപമടക്കം അനവധി നിരവധി എന്നുപറയത്തക്കരീതിയിൽ വിഷയങ്ങൾ ചർച്ച ചെയ്ത ഒരു സഭയാണിത്. ഈ പതിനഞ്ചാം കേരള നിയമസഭ അതിനെല്ലാം സാക്ഷ്യം വഹിച്ചു. ചരിത്രപ്രസിദ്ധമായ ഒട്ടേറെ ബില്ലുകൾ, ഏറ്റവുമൊടുവിൽ 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ ഉൾപ്പെടെ നമുക്ക് പാസ്സാക്കാൻ കഴിഞ്ഞു. നമ്മുടെ രാജ്യത്ത് ഒരു വിഭാഗം ആളുകളിൽ വലിയ തോതിൽ ആശങ്ക നിലനിൽക്കുന്ന ഒരു കാലമാണിത്. എന്നാൽ കേരളത്തിന്റെ മക്കൾക്ക് ഒരു ആശങ്കയും വേണ്ട എന്ന് തെളിയിക്കുന്നതാണ് കേരള നേറ്റിവിറ്റി കാർഡ്

ബിൽ. അവരുടെ കയ്യിൽ നേറ്റിവിറ്റി കാർഡ് ഉണ്ടാകും. ആർക്കും അത് നിഷേധിക്കാനാവില്ല. ഇവിടെ എല്ലാ തരത്തിലും സുരക്ഷിതമാണ്. നമ്മുടെ നാട് എപ്പോഴും സുരക്ഷിതമാണ്. പക്ഷെ ആ സുരക്ഷിതത്വത്തെ ചോദ്യം ചെയ്യുന്ന ഒട്ടേറെ കാര്യങ്ങൾ രാജ്യത്ത് സംഭവിക്കുന്ന സാഹചര്യത്തിൽ ഇത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഇങ്ങനെയുള്ള ചരിത്രപ്രസിദ്ധങ്ങളായ ഒരുപാട് നിയമനിർമ്മാണങ്ങൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പൊതുവെ അഭിമാനിക്കാവുന്ന ഒരു കാര്യമാണത്. പക്ഷെ എല്ലാംകൂടി ചേരുന്നതാണല്ലോ ഈ സഭ എന്നുപറയുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പ്രതിപക്ഷത്തിന്റെ റോൾ. ജനാധിപത്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും വളരെ പ്രധാനമാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ദൗർഭാഗ്യകരമായ അവസ്ഥ എന്നത് ഇവിടത്തെ പ്രതിപക്ഷം ക്രിയാത്മകമായ പ്രതിപക്ഷം അല്ല എന്നുള്ളതാണ്. ചർച്ചയെ ഭയപ്പെടുന്ന ഒരു പ്രതിപക്ഷമാണിത്. ഇപ്പോൾ ഈ സമ്മേളനത്തിന്റെ അവസാന ദിവസത്തിലാണ് നമ്മളുള്ളത്. ഈ സമ്മേളനം എന്നുപറയുന്നത് വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് നടക്കുന്ന ഒരു സമ്മേളനമാണ്. സാധാരണനിലയിൽ പ്രതിപക്ഷം ഭരണപക്ഷത്തെ ശ്വാസംമുട്ടിക്കുമാറുള്ള

ഒരുപാട് ആക്ഷേപങ്ങളും ആരോപണങ്ങളുമെല്ലാം സഭയിൽ ഉന്നയിക്കേണ്ട ഒരു ഘട്ടമാണ്. സ്വാഭാവികമായിട്ടും ഉന്നയിക്കും. പക്ഷെ ഇവിടെ ഗവൺമെന്റിനെപ്പറ്റി എന്ത് ആരോപണമാണ് ഉന്നയിക്കുക; എന്ത് ആക്ഷേപമാണ് ഉന്നയിക്കുക? അപ്പോൾ അത്തരത്തിൽ ഒന്നും ഉന്നയിക്കാനില്ല എന്നുള്ളതുകൊണ്ട് അവർ പൂർണ്ണമായിതന്നെ സഭ ബഹിഷ്കരിക്കുന്ന നിലയാണുണ്ടായത്. ഇതുപോലുള്ള ഒരു സമ്മേളനത്തിൽ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചൊക്കെ വളരെ വിശദമായി ചർച്ച ചെയ്യാൻ കഴിയുന്നതാണ്. അതിൽ അവസാന ദിവസം ചർച്ചയിൽ പങ്കെടുത്തു എന്നുള്ളതൊഴിച്ചാൽ ബാക്കി ദിവസങ്ങളൊക്കെ ഒഴിവായിരുന്നല്ലോ. നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ച മാത്രമല്ല, ബജറ്റിനെക്കുറിച്ചൊക്കെ വളരെ വിശദമായ ചർച്ചയല്ലേ നടന്നത്. ആ ചർച്ചയിൽ നമ്മുടെ പ്രതിപക്ഷത്തെ കാണാൻ സാധിച്ചില്ല, അവർ ഉണ്ടായിരുന്നില്ല. ഇതുപോലെ ഏതെങ്കിലുമൊരു പ്രതിപക്ഷത്തെ എവിടെയെങ്കിലും കാണാൻ സാധിക്കുമോ; ഒരു സമ്മേളന കാലയളവിൽ സഭാനടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപം അവതരിപ്പിക്കാൻ ഭയപ്പെടുന്ന പ്രതിപക്ഷത്തെ ലോകത്തെവിടെയെങ്കിലും കണ്ടിട്ടുണ്ടോ? സാധാരണ

സഭാനടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപം എന്നുപറഞ്ഞാൽ ചാട്ടുളിപോലെ ഭരണപക്ഷത്തിനുനേരെ, ഗവൺമെന്റിനുനേരെ വലിയ ആക്രമണമായിട്ട് വരുന്ന കാര്യമല്ലേ. ഇവിടെ പ്രതിപക്ഷത്തിന് അത് അവതരിപ്പിക്കാനുള്ള ധൈര്യമുണ്ടായോ? കാരണം അവതരിപ്പിച്ചാൽ അതിനെല്ലാം മറുപടി കിട്ടുമല്ലോ. അതിനെ ഭയപ്പെടുകയല്ലേ അവർ ചെയ്തത്. ചർച്ചയെ ഭയപ്പെടുന്ന ഒരു പ്രതിപക്ഷം. അവസാന സമ്മേളനമാകുമ്പോൾ ഗവൺമെന്റിനും മന്ത്രിമാർക്കുമെതിരെ എഴുതിക്കൊടുത്ത് ആരോപണങ്ങൾ ഉന്നയിക്കുമല്ലോ. കാരണം നേരെ തിരഞ്ഞെടുപ്പിലേക്ക് പോകുകയല്ലേ. ഗവൺമെന്റിനെ വല്ലാതെ പ്രതിക്കൂട്ടിൽ നിർത്താൻവേണ്ടി ആരോപണങ്ങൾ ഉന്നയിക്കാൻ തയ്യാറാകില്ലേ. എന്നാൽ ഏതെങ്കിലും ഒരു ചെറിയ ആരോപണമെങ്കിലും ഈ സഭയിൽ ഉന്നയിക്കാൻ അവർക്ക് കഴിഞ്ഞോ? ഇത് നിലവിലുള്ള വസ്തുതകളെ നമ്മുടെ പ്രതിപക്ഷം എത്ര കണ്ട് ഭയപ്പെടുന്നുവെന്നാണ് കാണിക്കുന്നത്. ഈ തരത്തിലാണ് അവർ ഭയപ്പെടുന്നത്. ജനാധിപത്യ സംവിധാനത്തിൽ ഒരു ഗവൺമെന്റിനെ ഏറ്റവുമധികം വിഷമിപ്പിക്കാൻ കഴിയുന്ന ഒരു കാര്യമാണ് നാട്ടിലാകെ വലിയ പ്രചരണം നടത്തുമ്പോൾ അതെല്ലാംകൂടി സഭയിൽകൊണ്ടുവന്ന്

ഗവൺമെന്റിനെ അലക്കുക, വലിയ തോതിലുള്ള ആക്ഷേപങ്ങൾകൊണ്ട് മൂടുക, അതിനെയൊക്കെപ്പറ്റി അവിശ്വാസപ്രമേയം അവതരിപ്പിക്കുക എന്നുള്ളത്. പ്രതിപക്ഷത്തിന്റെ ഒരു രീതിയൊക്കെ കണ്ടപ്പോൾ എന്റെ ചില സുഹൃത്തുക്കൾ നേരത്തെ പറഞ്ഞു, സഭയിൽ അവിശ്വാസപ്രമേയം ഇത്തവണയും അവതരിപ്പിക്കാൻ സാധ്യതയുണ്ടെന്ന്. എന്നാൽ അതിന് വഴിയില്ലെന്നാണ് എനിക്ക് തോന്നുന്നത് എന്നാണ് ഞാൻ പറഞ്ഞത്. അത് തന്നെയാണല്ലോ സംഭവിച്ചത്. പ്രതിപക്ഷം വസ്തുതകളെ ഭയപ്പെടുകയല്ലേ, അവിശ്വാസപ്രമേയം അവതരിപ്പിച്ചാൽ എന്തെല്ലാം കാര്യങ്ങളിൽ ഗവൺമെന്റിനോട് ജനങ്ങൾക്ക് വിശ്വാസമുണ്ടെന്നുള്ള കാര്യങ്ങൾ ഞങ്ങൾ അവതരിപ്പിക്കുമല്ലോ. അപ്പോൾ അതിനെ ഭയപ്പെടുകയല്ലേ, കേരളത്തിന്റെ പൊതുവായ കാര്യങ്ങൾ ഭയപ്പെടുകയല്ലേ, സർക്കാർ ഇതുവരെ ചെയ്ത കാര്യങ്ങൾ ഭയപ്പെടുകയല്ലേ. ഇങ്ങനെ ചർച്ചയെ ഭയപ്പെടുന്ന ഒരു പ്രതിപക്ഷം, അതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതോടൊപ്പം, ഇതുപോലെ വികസനവിരുദ്ധരായ ഒരു പ്രതിപക്ഷം എവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ. നമ്മളെല്ലാം നാടിന്റെയും ജനങ്ങളുടെയും ഉന്നമനമല്ലേ ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയല്ലേ നിലകൊള്ളേണ്ടത്.

പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ കേരളം ഒരിഞ്ച് മുന്നോട്ടുപോകുന്നതിൽ കേരളത്തിലെ പ്രതിപക്ഷം ഏതെങ്കിലും ഘട്ടത്തിൽ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ? അത് അവർ ആഗ്രഹിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ നടക്കുന്ന എല്ലാ വികസന പദ്ധതികളെയും എതിർക്കുന്നതിനുവേണ്ടിയാണ് തയ്യാറായിട്ടുള്ളത്. വികസനം യഥാർഥ രീതിയിൽ നടപ്പാകണമെങ്കിൽ അതിനാവശ്യമായ പണം വേണം. നമ്മുടെ സാമ്പത്തികശേഷിയുടെ പരിമിതിവച്ച് സമാന്തര സാമ്പത്തിക സ്രോതസ്സ് എന്ന നിലയ്ക്കാണ് കിഫ്ബിയെ പുനർജീവിപ്പിച്ചത്. പ്രതിപക്ഷത്തിന് കിഫ്ബിയോടുള്ള മനോഭാവം എന്തായിരുന്നു; കിഫ്ബിക്കെതിരെ എന്തെല്ലാം ആക്ഷേപങ്ങളാണ് ഉന്നയിച്ചത്? സംസ്ഥാനത്ത് നിലവിൽ 1,10,000 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന ഏറ്റെടുത്തത്. പദ്ധതികൾ നടപ്പാക്കുന്നതിന് പ്രതിപക്ഷ എം.എൽ.എ.-മാർക്കും താല്പര്യമുണ്ട്. എന്നാൽ മൊത്തം പദ്ധതികളെയും അനുകൂലിക്കുന്ന നിലപാട് പ്രതിപക്ഷം സ്വീകരിച്ചിട്ടുണ്ടോ; ഏതെങ്കിലും ഘട്ടത്തിൽ കിഫ്ബിക്ക് അനുകൂലമായി സംസാരിച്ചിട്ടുണ്ടോ; കിഫ്ബിയെ ശ്വാസം മുട്ടിക്കുന്നതിനുവേണ്ടി, കേരള ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്നതിനുവേണ്ടി

കേന്ദ്ര ഗവൺമെന്റ് തെറ്റായ നിലപാട് സ്വീകരിച്ചതിനെ ശരിയല്ലെന്ന് പറയാൻ പ്രതിപക്ഷം തയ്യാറായിട്ടുണ്ടോ; നാടിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന നിലപാടാണ് തുടർച്ചയായി പ്രതിപക്ഷം സ്വീകരിച്ചുവന്നിട്ടുള്ളത്. എല്ലാ പദ്ധതികളെയും എതിർക്കുകയല്ലേ. ഒരു പദ്ധതിയെയും അനുകൂലിക്കാൻ തയ്യാറായിട്ടില്ല. പദ്ധതികൾ ഇപ്പോൾ വേണ്ടെന്നാണ് പറയുന്നത്. എന്ത് അടിസ്ഥാനത്തിലാണ് പദ്ധതികൾ ഇപ്പോൾ വേണ്ടെന്ന് പറയുന്നത്; എൽ.ഡി.എഫ്. അധികാരത്തിലിരിക്കുന്നതുകൊണ്ടാണ് അങ്ങനെ പറയുന്നത്. എൽ.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ കേരളത്തിൽ വികസനം വേണ്ടെന്നാണോ? എൽ.ഡി.എഫ്. അല്ല അധികാരത്തിലെങ്കിൽ ഇപ്പോൾ നാഷണൽ ഹൈവേയുടെ വികസനം പൂർത്തിയാകുമായിരുന്നോ; അത് നടക്കുമായിരുന്നോ; അതിന് തുടക്കം കുറിക്കുമായിരുന്നോ; നിലവിലത് നല്ല രീതിയിൽ മുന്നോട്ടുപോകുകയല്ലേ. ഗെയിൽ പൈപ്പ് ലൈൻ പൂർത്തിയായി. എൽ.ഡി.എഫ്. അധികാരത്തിലിരുന്നതുകൊണ്ടല്ലേ അത് പൂർത്തിയായത്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു പവർ ഹൈവേയായിരുന്നു ഇടമൺ-കൊച്ചി പവർ ഹൈവേ. എൽ.ഡി.എഫ്. അധികാരത്തിൽ

ഇല്ലായിരുന്നുവെങ്കിൽ അത് പൂർത്തിയാകുമായിരുന്നോ; നമ്മുടെ സംസ്ഥാനത്ത് പൂർത്തിയായിക്കൊണ്ടിരിക്കുന്ന മലയോര ഹൈവേയും തീരദേശ ഹൈവേയും എൽ.ഡി.എഫ്. അധികാരത്തിലില്ലായിരുന്നുവെങ്കിൽ ആ പദ്ധതിയെക്കുറിച്ച് ആലോചിക്കാൻ കഴിയുമായിരുന്നോ; ഇപ്പോൾ അടുത്തുതന്നെ ഉദ്ഘാടനം ചെയ്യാൻ പോകുന്ന ജലപാത ആ നിലയിലേക്കെത്തിയത് എൽ.ഡി.എഫ്. അധികാരത്തിലിരുന്നതു കൊണ്ടല്ലേ; നമ്മുടെ നാട്ടിലെ പൊതുവിദ്യാഭ്യാസ മേഖല ആകെ തകർന്നുപോയ നിലയിലായിരുന്നില്ലേ; പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ന് കേരളം ഇന്ത്യാ രാജ്യത്തിന് അഭിമാനിക്കാൻ കഴിയുന്നൊരു സംസ്ഥാനമായി നിൽക്കുന്നത് എൽ.ഡി.എഫ്. അധികാരത്തിലിരിക്കുന്നതുകൊണ്ടല്ലേ; ആരോഗ്യ രംഗം 2016-ൽ തകർന്നുപോയതായിരുന്നു. എന്നാൽ ഇന്ന് ലോകംതന്നെ അത്ഭുതത്തോടെ നോക്കിക്കാണുന്നൊരു സംസ്ഥാനമായി കേരളത്തിലെ ആരോഗ്യ രംഗം മാറി. അത്തരത്തിലുള്ള നേട്ടങ്ങൾ നമ്മൾ നേടുന്നത് എൽ.ഡി.എഫ്. അധികാരത്തിലിരിക്കുന്നതുകൊണ്ടല്ലേ; കേരളത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല ഒരു ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നത് എൽ.ഡി.എഫ്.

അധികാരത്തിലിരിക്കുന്നതുകൊണ്ടല്ലേ; വ്യാവസായിക മേഖലയിൽ നിക്ഷേപ സൗഹൃദത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നതും തുടർച്ചയായി ഒന്നാം സ്ഥാനം നേടുന്നതും എൽ.ഡി.എഫ്. അധികാരത്തിലിരിക്കുന്നതുകൊണ്ടല്ലേ; ഇതെല്ലാം ആലോചിക്കാനോ ഇത്തരം കാര്യങ്ങൾ ചെയ്യാനോ പ്രതിപക്ഷത്തിന് സാധിക്കുമോ; മുമ്പ് തകർന്നുകിടക്കുകയായിരുന്ന സംസ്ഥാനത്തെ കാർഷിക രംഗം അഭിവൃദ്ധിപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് പാലുല്പാദനം ഏറെക്കുറെ സ്വയം പര്യാപ്തതയിലേക്കെത്തുന്നതും എൽ.ഡി.എഫ്. അധികാരത്തിലിരിക്കുന്നതുകൊണ്ടല്ലേ; ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇതൊക്കെ ഏതെങ്കിലും ഘട്ടത്തിൽ അനുകൂലിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടുണ്ടോ; പ്രധാനമായും നാടിനൊപ്പം നിൽക്കുന്നതിനോ കേരളത്തിനുവേണ്ടി ശബ്ദം ഉയർത്തുന്നതിനോ അവർ തയ്യാറാകുന്നുണ്ടോ; കേന്ദ്ര ഗവൺമെന്റ് കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് വളരെ വിവേചനപരമായാണ് പെരുമാറിയിട്ടുള്ളത്. ഓഖി, 2018-ലെ മഹാപ്രളയം, 2019-ലെ അതിരൂക്ഷമായ

കാലവർഷക്കെടുതി, കോവിഡ് മഹാമാരി, മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ തുടങ്ങി വലിയ രീതിയിലുള്ള ദുരന്തങ്ങളെ നമ്മുടെ സംസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടതായിവന്നു. എല്ലാ കാര്യങ്ങളും പരിശോധിക്കുമ്പോൾ ഏതെങ്കിലും ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിന് അർഹമായ സഹായം നൽകാൻ കേന്ദ്ര സർക്കാർ സന്നദ്ധമാകാതെ അങ്ങേയറ്റം കുറ്റകരമായ നിലപാടല്ലേ സ്വീകരിച്ചത്; അതിനെതിരെ നമ്മൾ ഒറ്റക്കെട്ടായി നിൽക്കണം. കേരളം തകർന്നുപോകുന്നതിനെ തകരാതെ രക്ഷിക്കണമെന്നത് കേരളത്തിന്റെ ആവശ്യമാണ്. അതിനുവേണ്ടി എല്ലാവരും ഒരുമിച്ചുനിന്നുകൊണ്ടാണ് ശ്രമിക്കേണ്ടത്. ഏതെങ്കിലും ഘട്ടത്തിൽ പ്രതിപക്ഷത്തിന് ഒരുമിച്ച് നിൽക്കാൻ സാധിച്ചോ; ആ ഘട്ടത്തിലും പ്രതിപക്ഷം സർക്കാരിനെ കുറ്റപ്പെടുത്താനും കേന്ദ്ര ഗവൺമെന്റിന്റെ ന്യായങ്ങളോടൊപ്പം നിൽക്കാനുമാണ് ശ്രമിച്ചത്. പാർലമെന്റിൽ അണിനിരന്ന യു.ഡി.എഫ്. എം.പി.-മാരിൽ ആർക്കെങ്കിലും ഒരാൾക്ക് കേരളത്തിനുവേണ്ടി ശബ്ദിക്കാനോ, കേന്ദ്ര ഗവൺമെന്റ് തെറ്റായ കാര്യങ്ങൾ ചെയ്യുമ്പോഴും കേരളത്തെ അവഗണിക്കുമ്പോഴും ഇത് ശരിയല്ലെന്ന് പറയാനോ കേരളത്തിന് അർഹമായത് ചോദിക്കാനോ

സാധിച്ചോ; എന്തുകൊണ്ടാണ് അവരുടെ നാവ് അനങ്ങാതിരുന്നത്; എന്തുകൊണ്ടാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്; പ്രകൃതിദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കേണ്ട സഹായത്തിന്റെ കാര്യത്തിൽ കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന ഒട്ടേറെ നടപടികളാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. അതിലൊന്ന്, കേരളത്തിന് ന്യായമായി ലഭിക്കേണ്ട കേന്ദ്ര വിഹിതം ലഭിച്ചോ; ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട അർഹതപ്പെട്ട വിഹിതംപോലും നിഷേധിക്കുകയല്ലേ ചെയ്തത്; അതിനെതിരെ ഈ സംസ്ഥാനത്തുള്ള ഒരു മുന്നണി ശബ്ദം ഉയർത്താൻ തയ്യാറാകേണ്ടതല്ലേ; 1980-നുശേഷം 2016 വരെയും മാറിമാറി അധികാരത്തിൽ വന്നൊരു മുന്നണിയാണല്ലോ യു.ഡി.എഫ്., അതിനുമുമ്പും കുറെയധികം കാലം അധികാരത്തിലിരുന്നൊരു മുന്നണിയാണത്. ഈ കേരളത്തിൽ നിരവധി കാലം അധികാരത്തിലിരുന്ന ഒരു മുന്നണിക്ക് കേരളത്തിന്റേതായ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ഉന്നയിക്കാനോ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കാനോ കഴിയുന്നില്ല. കേന്ദ്രം കേരളത്തെ ശ്വാസംമുട്ടിക്കുന്ന നിലപാട് സ്വീകരിക്കുമ്പോൾ എൽ.ഡി.എഫ്.-നോടുള്ള രാഷ്ട്രീയ വിരോധം

വച്ച് കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിക്കാനാണ് പ്രതിപക്ഷം തയ്യാറായത്. സംസ്ഥാനത്തിന് സ്വാഭാവികമായി ലഭിക്കാവുന്ന കടം എടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തെറ്റായ കാര്യങ്ങളാണ് പ്രതിപക്ഷം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ഭീമമായ കടക്കെണിയിലാണെന്ന് വരുത്താനുള്ള ശ്രമമാണ് നടത്തുന്നത്. അത് വസ്തുതയാണോ; നുണയല്ലേ? നമ്മുടെ വിഭവശേഷിയും നാം വരുത്തിയ വർധനവും പരിശോധിച്ചാൽ മികവാർന്ന നിലയിലാണ് കേരളം നിൽക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കേരളം ഭീമമായ കടമുള്ളവരല്ല. എന്നാൽ നമ്മുടെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചപ്പോഴും സംസ്ഥാനവും കേന്ദ്രവുംകൂടി നടപ്പാക്കുന്ന പദ്ധതികളിലെ സംസ്ഥാന വിഹിതം വർധിപ്പിച്ചപ്പോഴും അതിനെതിരെ ഒരക്ഷരം ശബ്ദിക്കാൻ തയ്യാറായോ; ഇത്തരത്തിൽ കേരളത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളിൽ ഏതെങ്കിലുമൊന്നിൽ പ്രതിപക്ഷം കേന്ദ്ര ഗവൺമെന്റിനെതിരെ സംസാരിച്ചോ? 2016-ലെ നേമം മോഡലും 2025-ലെ കരുവന്നൂർ മോഡലുമൊക്കെ മനസ്സിൽവച്ചുകൊണ്ടുള്ള നീക്കമല്ലേ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടല്ലേ കേന്ദ്ര സർക്കാരിനെതിരെ ശബ്ദിക്കാൻ അവർ തയ്യാറാകാത്തത്.

ഏതെങ്കിലുമൊരു പ്രതിപക്ഷം ഇത്തരമൊരു നിലപാട് സ്വീകരിക്കുമോ? കേന്ദ്ര സർക്കാരിന്റെ നടപടികൾക്കെതിരെ വലിയതോതിലുള്ള പ്രതിഷേധം കേരളത്തിന്റെ ഭാഗത്തുനിന്നും ഉയർന്നുവന്നു. കേരളത്തിൽ പ്രതിഷേധം ഉയർന്നു. രാജ്യ തലസ്ഥാനത്ത് പ്രതിഷേധമുയർന്നു. ഭരണപക്ഷമെന്ന നിലയ്ക്ക് ഞങ്ങൾ പ്രതിപക്ഷത്തോട് സഹകരിക്കണമെന്ന് അഭ്യർഥിച്ചല്ലോ. സഹകരിക്കാൻ തയ്യാറായോ; എന്തുകൊണ്ടാണ് സഹകരിക്കാത്തത്; എന്താണ് ഇവരെ വിലക്കുന്നത്; കേരളത്തിനുവേണ്ടി ഒന്നിച്ചുനിൽക്കാൻ സാധിക്കണ്ടേ; ഒന്നിച്ചുനിൽക്കാൻ കഴിഞ്ഞില്ലല്ലോ; കേരളത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്ന നില ഇതാണ്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ടത് ബി.ജെ.പി.-ക്ക് നേതൃത്വം നൽകുന്ന, ആർ.എസ്.എസ്.-ന്റെ മനസ്സിനെ ചെറിയതോതിലുള്ള വിഷമം ഉണ്ടാക്കുന്ന കാര്യംപോലും ചെയ്യാൻ കേരളത്തിലെ യു.ഡി.എഫ്. തയ്യാറല്ലെന്നുള്ളതാണ്. എത്ര പരിഹാസ്യമായ നിലയാണ് ജനുവരി മാസം 12-ാം തീയതി നടന്നത്. 12-ാം തീയതി രാജ്യമാകെ പണിമുടക്കി. എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുംകൂടിയാണ് പണിമുടക്കിയത്. കേരളത്തിലെ കോൺഗ്രസും

യു.ഡി.എഫ്.-ഉം അവരുടെ തൊഴിലാളി സംഘടനകളോട് മാറി നിൽക്കാൻ പറഞ്ഞത് എന്തുകൊണ്ടാണ്? കേരളം വിട്ടാൽ യോജിച്ച പണിമുടക്ക്, കേരളത്തിൽ സഹകരിക്കാൻ പാടില്ല. ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും മനസ്സിന് നേരിയ മുഷിച്ചിൽപോലും ഉണ്ടാകരുതെന്ന നിർബന്ധം ഇവിടത്തെ കോൺഗ്രസ് നേതൃത്വത്തിനും യു.ഡി.എഫ്. നേതൃത്വത്തിനും ഉണ്ടെന്നത് നാം കാണേണ്ടതാണ്. നമ്മുടെ നാട്ടിൽ ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു ദിവസമാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ അഞ്ചുലക്ഷം വീടിന്റെ നിർമ്മാണം പൂർത്തിയായതിന്റെ പ്രഖ്യാപനം നടത്തുന്ന ദിവസമാണിന്ന്. നാടാകെ സന്തോഷിക്കുന്ന ഘട്ടമാണല്ലോ; ആ ലൈഫ് പദ്ധതിയെപ്പോലും എതിർത്തവരാണ് പ്രതിപക്ഷം. അതിനെപ്പോലും എതിർത്തുകളഞ്ഞില്ലേ; 2021-ലെ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി റദ്ദാക്കുമെന്ന് യു.ഡി.എഫ്. കൺവീനർ പരസ്യമായല്ലേ പ്രഖ്യാപിച്ചത്. എന്താണ് നിങ്ങളുടെ മുൻഗണന; നിങ്ങളുടെ മുൻഗണന ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായുള്ള മുൻഗണനയാണ്. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായുള്ള മുൻഗണന കോർപ്പറേറ്റുകൾക്കാണ്. പാവപ്പെട്ടവരെ അതിന്റെ ഭാഗമായി

പരിഗണിക്കുന്നില്ല. അതുകൊണ്ടാണ് നമ്മുടെ രാജ്യംതന്നെ ഏറ്റവും കൂടുതൽ ദരിദ്രരുള്ള രാജ്യമായി മാറിയിട്ടുള്ളത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായ നയം ഞങ്ങൾ എൽ.ഡി.എഫ്. നടപ്പാക്കുന്നുവെന്നതുകൊണ്ടാണ് ഈ സംസ്ഥാനം അതിദാരിദ്ര്യമുക്തമായത്. എൽ.ഡി.എഫ്. അല്ലായിരുന്നെങ്കിൽ അങ്ങനെയൊരു സംഭവം നടക്കുമോ; 'അതിദാരിദ്ര്യമുക്ത കേരളം' എന്ന പ്രഖ്യാപനം കേരളം നടത്തുന്നതിനുമുമ്പും അതിനുശേഷവും ഏതെങ്കിലുമൊരു സംസ്ഥാനം അത്തരമൊരു നടപടിയിലേക്ക് നീങ്ങിയിട്ടുണ്ടോ; അവിടെയാണ് എൽ.ഡി.എഫ്. വേറിട്ട് നിൽക്കുന്നത്. തീർത്തും വ്യത്യസ്തമായി നിൽക്കുന്നത്. പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങളാണ് ഏറ്റവും പ്രധാനമായി എൽ.ഡി.എഫ്. കാണുന്നത്. അത് പ്രതിപക്ഷത്തിന് കാണാൻ സാധിക്കുമോ; നമ്മുടെ നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് പ്രവാസികൾ. കേരളത്തിന്റെ അഭിവൃദ്ധിയെക്കുറിച്ച് ആര് പറയുമ്പോഴും ഭൂപരിഷ്കരണത്തിന്റെയും പ്രവാസികളുടെയും പങ്കിനെക്കുറിച്ചും പറയും. നമ്മൾ ലോക കേരള സഭ രൂപീകരിച്ചപ്പോൾ പ്രവാസി സഹോദരങ്ങൾക്ക് എത്രമാത്രം അഭിമാനകരമായിട്ടുണ്ടാകും. ഇന്ത്യയിൽ ആദ്യത്തെ ഒരു സംഭവമാണ്. പ്രവാസികളും അവരുടെ പ്രതിനിധികളും

നിയമസഭാംഗങ്ങളും പാർലമെന്റംഗങ്ങളും എല്ലാംകൂടിയുള്ളൊരു സഭ. ഇക്കാര്യത്തിൽ യു.ഡി.എഫ്. എന്തൊരു മനോഭാവമാണ് കാണിച്ചത്. ഈ കഴിഞ്ഞ കുറെ സമ്മേളനങ്ങൾ അവർ ബഹിഷ്കരിച്ചുകൊണ്ടിരിക്കുകയല്ലേ; എന്താണ് അവർക്ക് പ്രവാസികളോടുള്ള മനോഭാവം; പ്രവാസി സഹോദരങ്ങളെ എങ്ങനെയാണ് കാണുന്നത്; ഇതെല്ലാം കേരളത്തിലെ പ്രതിപക്ഷത്തിന്റെ പ്രത്യേകതയാണെന്ന് നാം കാണണം. സർക്കാരിനെതിരെ വസ്തുതകളൊന്നും അവതരിപ്പിക്കാനില്ല. അതുകൊണ്ട് നിയമസഭയിൽനിന്നും ഒളിച്ചോടുന്നു. പക്ഷേ നുണകൾ അവതരിപ്പിക്കാൻ ആരുടെയും സമ്മതം വേണ്ടല്ലോ; വ്യാപകമായ നുണ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ആസൂത്രിതമായാണ് നടക്കുന്നത്. ഒരുപാട് കാര്യങ്ങൾ പറഞ്ഞുവല്ലോ; നേരത്തെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എസ്.ഐ.ആർ.-നെക്കുറിച്ച് പറഞ്ഞില്ലേ; കേരള സർക്കാരാണ് എസ്.ഐ.ആർ. നടപ്പാക്കുന്നതെന്നല്ലേ പറഞ്ഞത്. നമ്മൾ ആലോചിക്കേണ്ടൊരു കാര്യം, ഈ രാജ്യത്ത് പൗരത്വ നിയമ ഭേദഗതി വന്നപ്പോൾ, എൻ.പി.ആർ. വന്നപ്പോൾ നമ്മൾ മാത്രമല്ലേ ഈ സംസ്ഥാനത്ത് അത്തരമൊരു രജിസ്റ്റർ ഉണ്ടാക്കില്ലായെന്ന് പ്രഖ്യാപിച്ച ഏക

സംസ്ഥാനം. ഈ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്തിന് അങ്ങനെ പ്രഖ്യാപിക്കാൻ കഴിഞ്ഞോ; അത്തരം കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമല്ലേ എൽ.ഡി.എഫ്. സ്വീകരിച്ചത്. ഒരുതരത്തിലുള്ള ഉദാസീനതയുമില്ലല്ലോ, പൂർണ്ണമായും നമ്മുടെ നാടിന്റെ ചരിത്രത്തിന്റെ ഭാഗമായിത്തന്നെ എൽ.ഡി.എഫ്. സ്വീകരിച്ചുവന്ന നിലപാടുകൾ ന്യൂനപക്ഷങ്ങളെ കൈയൊഴിയലല്ലല്ലോ. ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുയരുന്ന ഘട്ടത്തിൽ, ആ ന്യൂനപക്ഷത്തെ ചേർത്തുപിടിക്കുന്ന സമീപനമല്ലേ എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടല്ലേ ഈ പത്തുവർഷക്കാലം നമ്മുടെ സംസ്ഥാനത്ത് ഒരുതരത്തിലുള്ള വർഗീയ കലാപമോ വർഗീയ സംഘർഷമോ ഇല്ലാത്തത്. എന്തുകൊണ്ടാണ് അങ്ങനെ വന്നത്? എല്ലാ വർഗീയ ശക്തികളെയും ഒരേതരത്തിലാണ് കാണുന്നത്. വർഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. ആ സമീപനം സ്വീകരിക്കാൻ പ്രതിപക്ഷത്തിന് കഴിയുമോ; അവർ അതിന്റെകൂടെ ചാരിനിൽക്കുകയല്ലേ; ഏതെങ്കിലും ഒന്നിന്റെകൂടെ ചാരിനിൽക്കുകയല്ലേ, ഏതെങ്കിലുമൊരു വർഗീയതയുടെ കൂടെ ചാരിനിന്നാൽ വർഗീയ പ്രശ്നങ്ങൾ അവസാനിക്കുമോ? വർഗീയതയെ

വർഗീയതയായി കണ്ടുകൊണ്ട് നേരിടണം. അതുകൊണ്ടാണ് ഈ പത്തുവർഷക്കാലം തികഞ്ഞ ശാന്തിയും സമാധാനവും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. വർഗീയ സംഘർഷം മാത്രമല്ല, ചില മതവിഭാഗങ്ങളിൽ ചില വ്യത്യസ്ത അഭിപ്രായങ്ങളുടെ മേലെ ധാരാളം പ്രശ്നങ്ങൾ നേരത്തെയുണ്ടായിരുന്നു. ഈ കഴിഞ്ഞ പത്തുവർഷമായി അതിന് ഏതെല്ലാം തരത്തിലുള്ള ശമനം വന്നു. എന്തെല്ലാം മാറ്റങ്ങൾ വന്നു. ഇപ്പോൾ അങ്ങനെയുള്ള കാര്യങ്ങൾ നമുക്ക് കേൾക്കേണ്ടതായി വരുന്നുണ്ടോ; അതൊക്കെ എൽ.ഡി.എഫ്.-ന്റെ പ്രത്യേകതയാണെന്ന് നാം കാണണം. അപ്പോൾ അത്തരം കാര്യങ്ങളെ വക്രീകരിക്കാൻ നുണകൾ പ്രചരിപ്പിക്കും. യാഥാർഥ്യം നാട്ടുകാരുടെ മുന്നിൽ എത്തുമ്പോഴേയ്ക്കും നുണ നല്ലതുപോലെ വ്യാപിച്ചുകഴിയും. സത്യം ചെരിപ്പിടുമ്പോൾ നുണ ലോകം ചുറ്റിക്കഴിയുമെന്നല്ലേ ചൊല്ല്. അതിൽവരെ ഗീബൽസിനെ തോൽപ്പിച്ചിരിക്കുകയാണ്. ഗീബൽസിനെക്കാളും മിടുക്കരായി മാറിയിരിക്കുന്നു. ആ തരത്തിലാണ് നുണകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഒരുദാഹരണം എസ്.ഐ.ആർ.-നെക്കുറിച്ച് പറഞ്ഞത്. ഞങ്ങൾ നുണകളെയൊന്നും

ആശ്രയിക്കുന്നവരല്ല. ഞങ്ങൾക്ക് വസ്തുതകളാണ് പ്രധാനം. ആ വസ്തുതകളും യാഥാർഥ്യങ്ങളും നാടിന്റെ മുന്നിൽ അവതരിപ്പിക്കുകയാണ്. നാടിനെ ഏതെല്ലാം രീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും എന്നുള്ളതാണ് ഞങ്ങൾ നോക്കിയിട്ടുള്ളത്. തികഞ്ഞ സംതൃപ്തി ഈ പതിനഞ്ചാം കേരള നിയമസഭയുടെ സമാപന സമ്മേളനത്തിലേയ്ക്ക് എത്തുമ്പോൾ ഞങ്ങൾക്കുണ്ട്. ഞങ്ങളാൽ ആകാവുന്നവിധം നാടിനെ നല്ല രീതിയിൽ ഉയർത്താനും വളർത്താനും സാധിച്ചിട്ടുണ്ടെന്ന സംതൃപ്തിതന്നെയാണുള്ളത്. ആ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ഈ കാര്യം ഞാൻ അവതരിപ്പിക്കുകയാണ്.

സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.